**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1538** **22.3.2013- ൽ മറുപടിക്ക്**

**കൃഷി അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ്**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.പി.തിലോത്തമൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി വകുപ്പിലെ കൃഷി അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് അവസാനമായി പ്രസിദ്ധീകരിച്ചത് എന്നാണെന്ന് പറയാമോ; | (എ) കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റു-മാരുടെ സീനിയോരിറ്റി ലിസ്റ്റ് അവസാനമായി പ്രസിദ്ധീകരിച്ചത് 12.3.2009-ലെ കൃഷി ഡയറക്ടറുടെ എസ്.ഇ (2) 49594/06 നമ്പർ ഉത്തരവ് പ്രകാരമാണ്. |
| (ബി) കൃഷി അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ എന്നു പറയാമോ; | (ബി) സീനിയോരിറ്റി ലിസ്റ്റ് നിലവിലുണ്ട്. |
| (സി) സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലാതെ കൃഷി അസിസ്റ്റന്റുമാർക്ക് അർഹമായ പ്രൊമോഷൻ നടത്തുന്നത് എപ്രകാര-മാണെന്ന് പറയാമോ; | (സി) 12.4.2000-ൽ പുറപ്പെടുവിച്ച എസ്.ഇ (2) 44473/98-ാംനമ്പർ സീനിയോരിറ്റി ലിസ്റ്റിന്റെയും 12.3.2009-ലെ എസ്.ഇ (2)49594/06-ാംനമ്പർ സീനിയോരിറ്റി ലിസ്റ്റിന്റെയും അടിസ്ഥാനത്തിലാണ് കൃഷി അസിസ്റ്റന്റുമാരുടെ റേഷ്യോ പ്രൊമോഷൻ നടത്തുന്നത്. |
| (ഡി) കൃഷി വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിലുള്ളവരുടെ പ്രൊമോഷൻ യഥാസമയം നടക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ; | (ഡി) നിലവിൽ കൃഷി അസിസ്റ്റന്റുമാർക്ക് 5:3:2 അനുപാതത്തിൽ 2-ാം ഗ്രേഡ് കൃഷി അസിസ്റ്റന്റ്, 1-ാംഗ്രേഡ് കൃഷി അസിസ്റ്റന്റ്, സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റ് എന്നീ ക്രമത്തിൽ |

റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. 4.8.2011-ലെ കൃഷി ഡയറക്ടറുടെ എസ്.ഇ (2) 931/10-ാം നമ്പർ ഉത്തരവ് പ്രകാരം സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റുമാരുടേയും, 22.2.2012-ലെ കൃഷി ഡയറക്ടറുടെ എസ്.ഇ (2) 2533/12-ാം നമ്പർ ഉത്തരവ് പ്രകാരം 1-ാം ഗ്രേഡ് കൃഷി അസിസ്റ്റന്റുമാരുടെയും പ്രൊമോഷൻ നടത്തിയിട്ടുണ്ട്.

(ഇ) ഈ സർക്കാർ വന്നതിനുശേഷം കൃഷി അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു പ്രകാരം എന്നാണ് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയതെന്നും അതിന്റെ അടിസ്ഥാനത്തിൽ എത്രപേർക്ക് പ്രൊമോഷൻ നൽകിയെന്നും വ്യക്തമാക്കുമോ?

(ഇ) 19.12.2012-ലെ എസ്.ഇ (2) 3366/12-ാം നമ്പർ സർക്കുലർ പ്രകാരം കൃഷി അസിസ്റ്റന്റുമാരുടെ സമഗ്രമായ സീനിയോറിറ്റി ലിസ്റ്റ് (താൽക്കാലികം) തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്മേൽ ലഭിച്ച പരാതികളും നിർദ്ദേശങ്ങളും പരിശോധിച്ച് തീർപ്പാക്കി അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ